# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3181 13.03.2017-ലെ മറുപടിയ്ക്ക്

**തദ്ദേശ സ്വയം ഭരണ വകുപ്പുകളുടെ സംയോജനം**

ചോദ്യം

ശ്രീ.കെ. കൃഷ്ണൻകുട്ടി
ശ്രീ. കെ.ബി.ഗണേഷ് കുമാർ
ശ്രീ. സി.കെ.നാണു
ശ്രീ. കോവൂർ കുഞ്ഞുമോൻ

(എ) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സംയോജനം കൊണ്ട് സർക്കാറിന് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്;

(ബി) ഇത് സംബന്ധിച്ച പഠനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

ഡോ.കെ.ടി.ജലീൽ
തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും കേരളത്തിൽ നടപ്പാക്കിയ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ അന്തസത്തയ്ക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയോട് ഉത്തരവാദപ്പെട്ട് പ്രവർത്തിക്കുന്ന ഭരണ നിർവ്വഹണ സംവിധാനം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയുന്നതാണ്.

ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അതിലൂടെ സമഗ്ര ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയുന്നതാണ്.

(ബി) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം സംബന്ധിച്ച പഠന പ്രവർത്തനങ്ങൾക്കും കരട് ചട്ടങ്ങളുടെ രൂപീകരണത്തിനും ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച കുറിപ്പ് തയ്യാറാക്കി സംഘടനാ ഭാരവാഹികൾക്ക് ലഭ്യമാക്കി വിപുലമായ കൂടിയാലോചനാ യോഗങ്ങളും അനുഭവ പഠനപ്രവർത്തനങ്ങളും നടത്തി വരുന്നു.

Beena

സെക്ഷൻ ഓഫീസർ